LIBRARY ARCHIVES Kerala Legislative Assembly

മാള കുടിവെള്ള പദ്ധതി

86 [1023] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള 'കുടിവെള്ള പദ്ധതി' ഗവൺമെന്റിന്റെ 'ബഹുദൂരം അതിവേഗം' പദ്ധതിയിൽ ഉൾപ്പെടുത്തി ഈ വർഷം തന്നെ നടപ്പിലാക്കാൻ കഴിയുമോ; പ്രസ്തുത പദ്ധതിയുടെ നടപടിക്രമം ഏതുവരെ ആയി എന്ന് വെളിപ്പെടുത്തുമോ;

(ബി) മാള 'കുടിവെള്ള പദ്ധതി' എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും;

(സി) വരുന്ന വേനൽക്കാലത്ത് ഈ പദ്ധതിവഴി ജനങ്ങൾക്ക് കുടിവെള്ള വിതരണം നടത്തുവാൻ കഴിയുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 'അതിവേഗം ബഹുദൂരം' പദ്ധതിയിൽ മാള കുടിവെള്ള പദ്ധതിയെ ഉൾപ്പെടുത്താൻ കഴിയുകയില്ല. ഈ പദ്ധതി ഗ്രാമപഞ്ചായത്തുകളിൽനിന്നും ലഭിക്കുവാനുള്ള കുടിവെള്ളക്കരത്തിന്റെ കുടിശ്ശികയുടെ 50% ഉപയോഗിച്ച് പൂർത്തീകരിക്കാൻ ജലവിഭവ വകുപ്പുമന്ത്രിയുടെ ചേംബറിൽ 15-6-2005-ൽ കൂടിയ യോഗം തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. 170 HP ശേഷിയുള്ള 2 മോട്ടോറുകൾ സ്ഥാപിക്കുന്ന പ്രവർത്തിക്കു വേണ്ടി മോട്ടോറുകൾ സപ്ലൈ ചെയ്തിട്ടുണ്ട്. പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ടെന്റർ വിളിച്ചിട്ടുണ്ട്.

(ബി) & (സി) ഫണ്ട് ലഭ്യമാവുകയാണെങ്കിൽ പദ്ധതിയുടെ എല്ലാ പ്രവർത്തികളും 3/2006-ൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നെല്ലിക്കാപൊയിൽ വാട്ടർസപ്ലൈ സ്കീം

87 [1024] *ശ്രീ. യു.സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ മുക്കം ഗ്രാമപഞ്ചായത്തിലെ നെല്ലിക്കാപൊയിൽ വാട്ടർസപ്ലൈ സ്കീമിന്റെ പൈപ്പുലൈൻ നീട്ടി കൂടുതൽ ഗുണഭോക്താക്കൾക്ക് വെള്ളം ലഭ്യമാക്കണം എന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) ഈ പ്രവർത്തി എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?